# സ്കൂൾ തല അക്കാദമികമാസ്റ്റർ പ്ലാൻ 2025-26

# എ.എൽ.പി.എസ് മംഗലം

## ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൻെറഭാഗമായി പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയവും അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത് .ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ബൗദ്ധിക,മാനസിക വള ർച്ചക്ക് സഹായകമായ രീതിയിലുമാണ് ഈ പദ്ധതി രൂപകല്പനചെയ്യുന്നത്.

എല്ലാകുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയാണ് മാസ്റ്റർപ്ലാനിൻെറ പ്രധാനലക്ഷ്യം .എല്ലാ കുട്ടികൾക്കും ഓരോ ക്ലാസിലും അവർ നേടേണ്ടശേഷികൾ നേടുക എന്ന ലക്ഷ്യത്തോടെയാണ് ഈ മാസ്റ്റർപ്ലാൻ തയ്യാറാക്കിരിക്കുന്നത്.

എല്ലാപദ്ധതികളെയും മികച്ചരീതിയിൽ ഏറ്റെടുക്കുന്ന മംഗലം എ.എൽ.പി.സ്കൂൾ സജീവമായ PTA,MTA, അധ്യാപിക സംഘം പൊതുസമൂഹം osa,welfare എന്നിവയുടെ സഹകറണത്തോടെ 2025-26 അധ്യയന വർഷത്തിലെ മികവിൻെറ പാതയിൽ തുടരണം എന്ന ദൃഢപ്രതിജ്ഞയോടെയാണ് ഈ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്

വിദ്യാലയത്തെ കൂടുതൽ മികവിൻെറ പാതയിലെത്തിക്കുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കുമായി ആസൂത്രണം ചെയതിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർപ്ലാൻ അതിൻെറ ഉദ്ദേശ്യങ്ങൾ നേടിയെടുക്കുമന്ന് ഉറപ്പോടെയും അഭിമാനത്തോടെയും സമർപ്പിക്കുന്നു.

# ചരിത്രം

മംഗലം അംശം ദേശത്ത് ആദ്യമായി ഗുരുകുല സമ്പ്രദായത്തിൽ പ്രവർത്തിച്ചിരുന്ന ഈ വിദ്യാലയം ഏതാണ്ട് 1890- മുതൽ തുടങ്ങി എന്നാണ് അറിവ്. ആ കാലഘട്ടത്തിൽ തന്നെ ആരോഗ്യവാരം ഉണ്ടായിരുന്ന ഒരു സ്കൂൾ ആണിത്. വീട്ടിൽ പറമ്പിൽ കിഴക്ക് വശത്ത് തുടങ്ങിയ ഈ പാഠശാലയോടനുബന്ധിച്ച് ഒരു ശിശു ക്ലാസും നടന്നിരുന്നു. അതിലെ യോഗ്യരായവരെ ഒന്നാം തരത്തിൽ ചേർക്കുകയും ഓരോ മാസവും പരിശോധനയിലൂടെ മാർക്കടിസ്ഥാനത്തിൽ കയറ്റം കൊടുക്കുകയും ചെയ്തിരുന്നു. അവിടുത്തെ പ്രഗത്ഭരായ അധ്യാപകരായിരുന്നു ശ്രീ മാമുണ്ണി മാസ്റ്റർ, കോഴിക്കോട്ടുകാരൻ കറപ്പൻ മാസ്റ്റർ, വെട്ടം നമ്പീശൻ മാസ്റ്റർ എന്നിവർ. ബ്രിട്ടിഷ് നിയമം അനുസരിച്ച് ഹിന്ദുക്കൾക്ക് മാത്രം പഠിക്കാൻ അനുവാദമുള്ള ഹിന്ദു സ്കൂൾ ആയിരുന്നു ഇത്.ഈ സ്കൂൾ പരിശോധിക്കാൻ ഹിന്ദു ഓഫീസർമാരുണ്ടായിരുന്നു.

ആദ്യകാലത്ത് വെട്ടം ഗ്രാമപഞ്ചായത്തിന്റെ കീഴിലായിരുന്ന ഈ വിദ്യാലയം പിന്നീട് മംഗലം ഗ്രാമപഞ്ചായത്തിന്റെ രൂപീകരണത്തോടെ മംഗലം ഗ്രാമപഞ്ചായത്തിലേക്ക് ചേർക്കപ്പെട്ടു. മംഗലത്തുനിന്ന് കൂട്ടായി കടവു റോഡിൽ ഏകദേശം 1.25 km കഴിയുമ്പോഴാണ് ഈ വിദ്യാലയം. കേരം തിങ്ങി നിറഞ്ഞ ഗ്രാമത്തിനെ തഴുകിത്തലോടി തിരൂർ പൊന്നാനി പുഴ ഒഴുകുന്നു. അറബിക്കടലിനോട് ചേർന്ന് കിടക്കുന്ന ഗ്രാമത്തിലെ നിവാസികളുടെ പ്രധാന തൊഴിൽ മത്സ്യബന്ധനവും കയറുപിരിക്കലും കൃഷിപ്പണിയുമായിരുന്നു. മംഗലം പഞ്ചായത്തിന്റെ അതിർത്തിയായ തെക്ക്, വലിയതോടും വടക്ക് - പടിഞ്ഞാറ് തിരൂർ പൊന്നാനി പുഴയുമാണ്.

ഈ വിദ്യാലയത്തിൽ പഠിക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾ ഭൂരിഭാഗവും കൂലിപ്പണിക്ക് പോകുന്നവരാണ്. സാമ്പത്തികമായി പിന്നിലാണെങ്കിലും കുട്ടികളുടെ പഠനത്തിൽ വളരെയധികം ശ്രദ്ധിക്കുന്നു.. മംഗലം, ചേന്നര, പെരുന്തിരുത്തി, പുല്ലൂണി പ്രദേശങ്ങളിലുള്ളവർക്ക് ഏക ആശ്രയം ഈ വിദ്യാലയം മാത്രമായിരുന്നു

**അതിനു ശേഷം 1910-ൽ മലബാർ ബോർഡിന്റെ കീഴിൽ രേഖാപരമായി മംഗലം എ എൽ പി സ്കൂൾ തിരൂർ പൊന്നാനി പുഴയുടെ തീരത്ത് ഒറ്റതെങ്ങിന്റെ ചുവട് എന്ന സ്ഥലത്ത് സ്ഥാപിക്കപ്പെട്ടു. ആരംഭത്തിൽ 1-മുതൽ 5 വരെ ക്ലാസുകളായിരുന്നു ഈ സ്കൂളിൽ. ഇപ്പോൾ 1-മുതൽ 4 വരെ ക്ലാസുകളാണുള്ളത്. 2010-മുതൽ പ്രീ-പ്രൈമറി ക്ലാസുകൾ ആരംഭിച്ചു.**

അടിസ്ഥാനവിവരങ്ങൾ

സ്കൂളിന്റെ പേര് : എ.എൽ.പി.എസ് മംഗലം

മേൽവിലാസം : മംഗലം **(po)** തിരൂർ

മലപ്പുറം **Pin :676561**

**PH : 9747051497**

സ്കൂൾകോഡ് : **19741**

റവന്യൂ ജില്ല : മലപ്പുറം

വിദ്യാഭ്യാസ ജില്ല : തിരൂർ

വിദ്യാഭ്യാസ ഉപജില്ല : തിരൂർ

ബി.ആർ.സി : തിരൂർ

ജില്ലാപഞ്ചായത്ത് : മലപ്പുറം

ബ്ലോക്ക് പഞ്ചായത്ത് : തിരൂർ

ഗ്രാമപഞ്ചായത്ത് : മംഗലം

താലൂക്ക് : തിരൂർ

വില്ലേജ് : മംഗലം

ലോകസഭാ മണ്ഡലം : പൊന്നനി

നിയമസഭ മണ്ഡലം : തവനൂർ

ഇ.മെയിൽ വിലാസം : **mangalamalps@gmail.com**

**facebook : Alpschool Mangalam**

സ്കൂൾ വിക്കി : **ALPS Mangalam**

സ്കൂൾ ആരംഭിച്ചത് : **1910**

**വിഭാഗം : എയ്ഡഡ്**

**ക്ലാസുകൾ : പ്രീ-പ്രൈമറി, 1 മുതൽ 4 വരെ**

**അക്കാദമികം**

**മംഗലം ഗ്രാമപഞ്ചായത്തിലെ മികച്ച അക്കാദമിക നിലവാരം പുലർത്തുന്ന വിദ്യാലമായിമാറാൻ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്**
**1 മുതൽ 4 വരെയുലള്ള എല്ലാക്ലാസുകളിലും കുട്ടികൾക്ക് സൗകര്യപ്രദമായ രീതിയിൽ ക്ലാസ് റൂമുകളാണ് ഉള്ളത്**
**എല്ലാക്ലാസുകളിലും ICT സംവിധാനം ലഭ്യമാണ്.പ്രീപ്രൈമറി ക്ലാസുകൾ pre KER ആണെങ്കിലും കുട്ടികൾക്കനുയോജ്യമായ സൗകര്യത്തോടുകൂടിയാണ് ഉള്ളത്**

**1 മുതൽ 4 വരെയുള്ള ക്ലാസുകളിൽ ക്ലാസ് ലൈബ്രറിയും കൂടാതെ അമ്മാമർക്കും പ്രത്യകം ലൈബ്രറി സൗകര്യവുമുണ്ട്. ഓരോക്ലാസിലും ഗണിതലാബുകളും ആക്കിയിട്ടുണ്ട്. 1 മുതൽ 4 വരെ മലയാളം ,ഇംഗ്ലിഷ് ക്ലാസുകളുണ്ട് .ഇംഗ്ലിഷ് മീഡിയം ക്ലാസുകളിൽമാത്രമല്ല മലയാളം മീഡിയം ക്ലാസുകളിലും ഇംഗ്ലീഷ് ഭാഷയിൽ മികച്ചനിലാവാരം പുലർത്തിവരുന്നു. ഇംഗ്ലീഷ് ഭാഷയിൽ മികച്ചനിലവാരം പുലർത്തുന്നതിനായി one day one word,readers theatre,english Assembly etc...............നടത്തിവരുന്നു.**

**കാൽ നൂറ്റാണ്ടിലേറെ എൽ.എസ് എസ് പരീക്ഷയിൽ ഉന്നതവിജയം കൈവരിക്കാൻ മംഗലം എ.എൽ.പി സ്കൂളിന് കഴിഞ്ഞിട്ടുണ്ട്.Talent exam കളിലും ഈ വിദ്യാലയത്തിലെ**

കുട്ടികൾ മികച്ച നിലാവാരം പുലർത്തിവരുന്നു. ശാസ്ത്രമേള ക്വിസ് മത്സരങ്ങൾ എന്നിവയിൽ പഞ്ചായത്ത് തലത്തിൽ രണ്ടാംസ്ഥാനം കരസ്ഥമാക്കാൻ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട് .എല്ലാ ക്ലാബുകളും കാര്യക്ഷമമായ പ്രവർത്തനങ്ങൾ കാഴചവെക്കുന്നു.

**പരിമിതികൾ :**

Internet സൗകര്യമില്ലാത്തത് കുട്ടികളുടെ പഠനത്തെ പ്രതികൂലമായി ബാധിക്കുന്ന.

ലാപ് ടോപുകളുടെ ലഭ്യതകുറവ് ICT പഠനത്തെ ബാധിക്കുന്നു

സാമൂഹിക ശാസ്ത്രലാബ് ,സയൻസ് ലാബ് എന്നിവ സ്വതന്ത്രമായ സംവിധാനങ്ങളോടെ ഉണ്ടാവേണ്ടതാണ്

ക്ലാസ് ലൈബ്രറി ഉണ്ടെങ്കിലും കുട്ടികൾക്ക് സ്വതന്ത്രമായി കൈകാര്യം ചെയ്യാനുള്ള സൗകര്യമില്ല

പ്രീപ്രൈമറി തലത്തിൽ കളി ഉപകരണങ്ങളുടെ ലഭ്യത കുറവ്

**ഭൗതികം :**

ഒന്ന് മുതൽ നാല് വരെ ക്ലാസ്സ് പ്രവർത്തിക്കുന്നത് നല്ല അടച്ചുറപ്പുള്ള വൃത്തിയുള്ള ക്ലാസ്സ് മുറികളാണ് .ടൈൽ പാകിയ തറയാണ് എല്ലാക്ലസ്സിലുമുള്ളത് അതുപോലെ ഫാൻ എല്ലാ ക്ലസ്സിലുമുണ്ട്

എല്ലാ ക്ലാസ്സിലും മികച്ച ഫർണീച്ചർ ആണ് നിലവിലുള്ളത്. അതുപോലെ എല്ലാ ക്ലാസ്സിലെ കുട്ടികൾക്കും ക്ലാസ്സ് ലൈബ്രറിയുണ്ട് അതുപോലെ ആഴചയിലൊരിക്കൽ കുട്ടികൾക്ക് സ്കൂൾ ലൈബ്രറിയിൽ നിന്നും പുസ്തകം വിതരണം ചെയ്യാറുണ്ട്. അമ്മമാർക്ക് ചൊവ്വ ,വ്യാഴം ദിവസങ്ങളിൽ ലൈബ്രറി വിതരണം ചെയത് തുടങ്ങി.

**പരിമിതികൾ :**

ക്ലാസ്സ്മുറികൾ ഹൈടെക്കാവണം

റോഡ് മികച്ചതാക്കണം

ചുറ്റമതിൽ പണിയണം

ആധുനിക രീതിയിലുള്ള ബാത്റൂംപണിയണം

ഭക്ഷണമുറി വേണം

അസംബ്ലി നടത്താൻ മേൽപന്തൽ

ഉപമേഖല പൊതുവിജ്ഞാനം

## ലക്ഷ്യങ്ങൾ :

പാഠപുസ്തകത്തിനപ്പുറത്തേക്കുള്ള വിശാലമായ അറിവിൻെറ ലോകത്തേക്ക് കുട്ടിയെ നയിക്കുക

ദേശീയ-അന്തർദേശീയ ആനുകാലിക സംഭവങ്ങളിലുള്ള അറിവ് നേടുക

നാടിൻെറ സംസ്കാരിക പൈതൃകങ്ങളെ കുറിച്ചുള്ള അവബോധം

പൊതുവിജ്ഞാനം വർധിപ്പിക്കുക

കൂടുതൽ കടങ്കഥകൾ പരിചയപ്പെടുത്തുക

മത്സരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | |
|---|---|---|---|
| പാഠപുസ്തകത്തിനപ്പുറത്തേക്കുള്ള വിശാലമായ അറിവിൻെറ ലോകത്തേക്ക് കുട്ടിയെ നയിക്കുന്നു. ദേശീയ അന്തർദേശീയ, ആനുകാലിക സംഭവങ്ങലിലുള്ള അറിവ്നേടുക | 'ഒരു ദിനം ഒരറിവ് ' എന്നപ്രവർത്തനത്തിലൂടെ ഒരു ചോദ്യം കുട്ടിയിലേക്കെത്തിക്കുന്നു. എല്ലാദിവസവും പാത്രവായനയിലൂടെ ഒരറിവെങ്കിലുംകുട്ടിയിലേക്ക് എത്തിക്കുന്നു എന്ന് അധ്യാപകൻ ഉറപ്പാക്കുന്നു. ദിനാചരണങ്ങളും അവയുമായി ബന്ധപ്പെട്ട ക്വിസ് മത്സരവും എല്ല ആഴ്ച്ചയും(വെള്ളിയാഴച്ച) | ജൂൺമുതൽ മാർച്ചവരെ | |

| | | | |
|---|---|---|---|
| | നടത്തുന്നു. | | |
| നാടിൻെറ സാംസ്കാരിക പൈതൃകങ്ങളെ ക്കുറിച്ച് അവബോധം | ഫീൽഡ്ട്രിപ്പ് നാടിൻെറ ചരിത്രവും സാംസ് കാരിക പൈതൃകവുംതെഴിലിടങ്ങ ൾ പൊതുസ്ഥാപനങ്ങൾ ,പ്രകൃതിസംരക്ഷണ അവബോധം ഉണ്ടാക്കുന്ന ഇടങ്ങൾ | | |
| പൊതുവിജ്ഞാന വർധിപ്പിക്കൽ | 1-4 ക്ലാസിലെ കിട്ടികൾക്ക് ക്ലാസ് തലത്തിൽ ഒന്നിടവിട്ട ആഴച്ചകളിൽ (വെള്ളി) ക്വിസ് മത്സരം (ദിനാചരണം വരുന്ന ആഴച്ചയിൽ 3,4 ക്ലാസിന് ദിനാചരണവുമായി ബന്ധപ്പെട്ട ക്വിസ് ) | | |
| കൂടുതൽ കടങ്കഥകൾ പരിചയപ്പെടുത്തു ക | 1-4 ക്ലാസിലെ കുട്ടികൾക്ക് ക്ലാസ്സ്തലത്തിൽ ഒന്നിടവിട്ട ആഴച്ചകളിൽ (വെള്ളി) കടങ്കഥമത്സരം. | | |

| | | | |
|---|---|---|---|
| മത്സരങ്ങൾക്ക്കു ട്ടികളെ പ്രാപതരാക്കുക | | | |

**പ്രവർത്തനം വിശദാംശങ്ങൾ – ഇംഗ്ലിഷ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലിഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം നൽകൽ | പ്രവർത്തനം .1<br>ഇംഗ്ലീഷ് അസംബ്ലി<br>ആഴ്ചയിൽ ഒരു ദിവസം (ബുധനാഴച )അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലിഷിൽ അവതരിപ്പിക്കുന്നു | ആഴ്ചയിൽഒരു ദിവസം | ഇംഗ്ലിഷ് ക്ലാസ്സ് | |
| ഇംഗ്ലിഷ് രചന മെച്ചപ്പെടുത്തുന്നത ിന് എഴുത്തിന് അവസരം നൽകൽ | പ്രവർത്തനം .2<br>ഇംഗ്ലിഷ് ഡയറി<br>ഓരോ ദിവസത്തേയും വിട്ടിലെയും വിദ്യാലയത്തിലേയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക | ആഴ്ചയിൽഒരു ദിവസം | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക | പ്രവർത്തനം 3<br>ഇംഗ്ലിഷ് ബുള്ളറ്റിൻ<br>ഓരോമാസവും ഏതെങ്കിലും | ഓരോ | ക്ലാസ് | |

| | | | | |
|---|---|---|---|---|
| | വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കുക<br>ജൂൺ പരിസ്ഥിതിദിനം<br>ജൂലൈ ചാന്ദ്രദിനം<br>ആഗസ്റ്റ് സ്വാതന്ത്ര്യദിനം<br>സെപ്തംബർ ഓണം<br>ഒക്ടോബർ ഗാന്ധിജയന്തി<br>നവംബർ കേരളപ്പിറവി<br>ഡിസംബർ ക്രിസ്മസ്<br>ജനുവരി ന്യൂയർ | മാസവും | ടീച്ചർ | |
| ഇംഗ്ലീഷ് വായന സാമഗ്രികൾ കൂടുതൽ പരിചയപ്പെടുക | പ്രവർത്തനം 4<br>അധ്യാപകർ തയ്യാറാക്കുന്ന റീഡിഗ്കാർഡുകൾ<br>അധ്യാപകർ കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള വായനസാമഗ്രികൾ തയ്യാറാക്കി വായനക്കുള്ള അവസരങ്ങൾ നൽകുന്നു. | ജൂൺ ഫെബ്രുവരി | | |
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രവീണ്യംനേടുക | പ്രവർത്തനം 5<br>വർക്ക്ഷീറ്റ് നിർമ്മാണം<br>ഭിന്നനിലവാരക്കാരായ കുട്ടികൾക്ക് അനുസരിച്ച് വ്യത്യസ്ത പ്രവർത്തനങ്ങളുൾപ്പെടുത്തി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു.പരിശീലിക്കുന്നു. | ജൂൺ ഫെബ്രുവരി | SRG | |

**വിഷയം  - ഗണിതം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക | കുട്ടികൾ സ്വതന്ത്രരായി ഇടപഴകാൻ സഹായകമായതരത്തിൽ ഗണിതലാബ് സജ്ജമാക്കൽ ഗണിതലാബ് വിപുലികരണം | 2025-26 | PTA SRG | |
| | മുഴുവൻക്ലാസ്സിലും ഗണിതമൂലകൾ ക്രമീകരിക്കൽ,(മഞ്ചാടി, കൃത്രിമനോട്ട്, കാർഡുകൾ തുടങ്ങിയവ) ഓരോ കുട്ടിക്കും ഗണിതകിറ്റ് | ജൂൺ-ആഗസ്റ്റ് | ക്ലാസ് ടിച്ചർ | |
| ഓരോ ക്ലാസ്സിലും കൈവരിക്കേണ്ടത് | ഓരോ യൂണിൻെറയും അവസാനം മൂല്യനിർണ്ണയം നടത്തി | ജൂൺ-മാർച്ച് | ക്ലാസ്സ് ടിച്ചർ | |
| | വർക്ക്ഷീറ്റ് ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന | | | |

| | | | | |
|---|---|---|---|---|
| | ആശയങ്ങൾ ഉറപ്പിക്കുന്നു.ഗണിതക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഗണിതക്യാമ്പ് സങ്കടിപ്പിക്കുന്നു പഠനോപകരണ ശില്പശാലരക്ഷിതാക്കൾക്ക്. | | | |

# ARABIC

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അറബി ഭാഷയിൽ അടിസ്ഥാന ഷേഷികൾ നേടിയെടുക്കുക | വാചകങ്ങൾ നിർമ്മിക്കൽ<br>ഭാഷാകളികൾ<br>അക്ഷരകാർഡ് നിർമ്മാണം<br>ചിഹ്നങ്ങൾ ഉപയോഗിച്ച് പദങ്ങൾ കൂട്ടിയെഴുതാൻ പരിശീലിപ്പിക്കുക | ജൂൺ-ജൂലൈ |
| കരിക്കുലം ലക്ഷ്യം വെക്കുന്ന അറബിഭാഷ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക | അറബി അസംബ്ലി<br>വായനമത്സരം,ഇ-വായന<br>ക്ലാസിൽ അറബി സംഭഷണം അവതരിപ്പിക്കുക<br>ലൈബ്രറി വായന<br>ചിത്രകഥവായന<br>വിട്ടു വായന,ക്ലാസ് വായന<br>വായനകുറിപ്പുകൾ | ജൂൺ-മാർച്ച് |
| “A word in different languages” project | Alf Arabic club-നോട്ടിസ് ബോർഡിൽ ഒരു വസ്തുവിന്റെ പേര് അറബിക്,ഇംഗ്ലിഷ് ,മല | ജൂൺ-മാർച്ച് |

| | | |
|---|---|---|
| | യാളം എന്നീ ഭാഷകളിൽ പ്രദർശിപ്പിക്കുന്നു. | |
| "ഒരു ദിനം ഒരറിവ്" പദ്ധതി | Whats Group-ലൂടെ സ്കൂൾ പ്രവർത്തി ദിവസങ്ങളിൽ ചോദ്യവും ഉത്തരവും നൽകുന്നു | ജൂൺ-മാർച്ച് |

**പ്രവർത്തനം പദ്ധതികൾ**

**മലയാളം**

**പ്രവർത്തനം : 1**

**പേര് : പുസ്തകം എൻെറ ചങ്ങാതി**

**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | പുസ്തകങ്ങൾലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു. ലഘുവിവരണവും പ്രദർശിപ്പിക്കുന്നു | ആഴ്ചയിൽ ഒരു ദിവസം (രണ്ട് പുസ് തകം) | ശ്രീജ | 1000 |

**പ്രവർത്തനം : 2**

**പേര് : എൻെറ പിറന്നാൾ പുസ്തകം**

**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം : 3**

**പേര് : ഉച്ചഭാഷിണി വായന**

**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർത്ഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂണ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം : 4**

**പേര് : (അക്ഷരക്കൂട്ടം വായനാകോർണർ)**

**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| മികച്ച വായനാശീല ം വളർത്തും<br><br>റീഡേഴ്സ് തിയേറ്റർ | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്സ്മുറികളിലും പ്രത്യേകം വായന കോർണർ ഒരുക്കുന്നു ക്ലാസ്സുറൂം പ്രക്രിയകളിൽ ഇതിൻെറ സാധ്യതപരമാവധി പ്രയോജ്നപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി കമ്മറ്റി<br><br>ക്ലാസ്സട ീച്ചർ | 4000 |

**പ്രവർത്തനം : 5**

**പേര് : സ് കൂൾ ലൈബ്രറി**

**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പ ത്തിക വിശകല നം |
|---|---|---|---|---|
| മികച്ച വായനാശീ ലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി സജ്ജമാക്കൽ സ് കൂൾ ലൈബ്രേറിയനെ നിയമിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ<br><br>പ്രാദേശിക ക്ലബ്ബ്കൾ | 5000 |

**പ്രവർത്തനം : 6**

**പേര്                 :  ക്ലാസിലെ കയ്യെഴുത്ത് മാഗസിൻ**

**ഉപമേഖല           : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ചപ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസിതല കയ്യെഴുത്ത് മാഗസസിൻ ഒരുക്കൽ | എല്ലാ മാസവു | ക്ലാസ്സ് ടീച്ചർ | 2000 |

**പ്രവർത്തനം  : 7**

**പേര്                 :  ക്ലാസിലെ  പതിപ്പുകൾ**

**ഉപമേഖല           : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | വിദ്യാലയവിശേഷങ്ങൾ ക്ലാസിലെ വിവരങ്ങൾ പങ്കുവെക്കുന്ന ക്ലാസ്തല പതിപ്പുകൾ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 1500 |

**പ്രവർത്തനം  : 8**

**പേര്                 :  എൻെറ വായനാ കുറിപ്പുകൾ**

**ഉപമേഖല           : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 18/34 |

**പ്രവർത്തനം : 9**

**പേര് : കയ്യെഴുത്തു മാസികകൾ,പ്രിൻറഡ് മാഗസിൻ**

**ഉപമേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സർഗ്ഗാത്മക രചനകൾക്കുള്ള | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ | ഓരോ ടേമിലും പ്രിൻറഡ് മാഗസിൻ | വിദ്യാരംഗം ഭാഷാക്ലബ്ബ് പരസ്യം വഴി ഫണ്ടിംഗ് | 15000 |

| | | | | |
|---|---|---|---|---|
| അവസരമൊരുക്കൽ | (ചുവർചിത്രം കയ്യെഴുത്ത് മാഗസിൻ ഇവയിൽ നിന്ന്) | വർഷത്തിൽ ഒന്നു | | |

**പ്രവർത്തനം : 10**

**പേര് : രചനോത്സവം**

**ഉപമേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവധതരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | അധ്യാപകർ തയ്യാറാക്കിയ വ്യവഹാരരൂപങ്ങളുടെ മാതൃകകൾലഭ്യമാക്കി വ്യവഹാരരൂപങ്ങൾ മാറ്റിയെഴുതൽ | ജൂൺ മുതൽ മാർച്ചുവരെ | ഭാഷാ ക്ലബ് | 2000 |

**പ്രവർത്തനം : 11**

**പേര് : സർഗ്ഗവേള**

**ഉപമേഖല : പ്രകടന വേദികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ | വായിച്ച | ജൂൺമുതൽ | ക്ലാസ്സ് ടീച്ചർ | 3000 |

| | | | | |
|---|---|---|---|---|
| കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രപ്തരാക്കുക | പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ ചെറിയ ക്ലാസിൽ വായനാകാർഡ് വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു | മാർച്ച് വരെ | | |

**പ്രവർത്തനം : 12**

**പേര് : ആശയാവതരണ രീതിയിലൂടെ സചിത്ര പാഠങ്ങൾ രൂപീകരിയ്ക്കുക**

**ഉപമേഖല : ആശയഗ്രഹണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയവിനിമയ ശേഷി കൈവരിക്കൽ | പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ, ജൂലൈ | ക്ലാസ്സ് ടീച്ചർ | 3000 |

**പ്രവർത്തനം : 13**

**പേര് : പാട്ടരങ്ങ്**

**ഉപമേഖല : ഭാഷാസമൃദ്ധി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാവപ്രകടനം, ശബ്ദപ്രയോഗം , സംഗീതാത്മകത തുടങ്ങിയ വൈവിധ്യങ്ങളിലൂടെ ഭാഷാജ്ഞാനവും ആത്മവിശ്വാസവും വളർത്തുക | കുട്ടികൾആസ്വാദിക്കുന്ന പാട്ടുകൾപഠിപ്പിച്ച് അതിൻെറ അവതരണംഘടിപ്പിക്കുന്നു.രാധ – താളങ്ങളുമായി അനുബന്ധിക്കുന്ന ഭാവങ്ങൾ അവതരിപ്പിക്കുന്നു | ജൂൺ മുതൽ മാച്ച വരെ | സ് കൂൾ ഭാഷാ ക്ലബ് ക്ലാസ്സ്ടീച്ചർ | 4000 |

**പ്രവർത്തനം : 14**

**പേര് : നാട്ടുവിശേഷം കൂട്ടെഴുത്ത്**

**ഉപമേഖല : ലേഖനാവിഭാവനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| എഴുത്ത്നൈപൂണ്യം,സമഗ്രചിന്താശേഷി, | കുട്ടികളുടെനാട്ടുപരിചയത്തെ ആസ്പദമാക്കി കൂട്ടായി ഒരു ലേഖനം രൂപപ്പെടുത്തുന്നു.കുട്ടികൾക്ക് അനുഭവങ്ങൾ പങ്കുവെക്കാനും ആലോചനകൾ എഴുതാനും അവസരം നൽകുന്നു | ജൂൺ മുതൽ മാർച്ച് വരെ | പിടിഎ പ്രാദേശിക ക്ലബ്ബ്കൾ | 5000 |

**പ്രവർത്തനം : 15**

**പേര് : റീഡേഴ്സ് തിയേറ്റർ**

**ഉപമേഖല : വായനാവളർത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനാതാൽ പര്യവും അഭിനയം വഴി വ്യക്തിത്വവികസനവുമാണ് പ്രധാനലക്ഷ്യം | കുട്ടികൾക്ക് അഭിനയത്തോടെ വായന ചെയ്യാൻ പരിശീലനം നൽകുന്നു.കഥാനായകർ ,സംഭാഷണശൈലി,ശബ്ദവ | എല്ലാമാസവും | ക്ലാസ്സ്ടീച്ചർ | 2000 |

| | | | | |
|---|---|---|---|---|
| | ്യത്യാസം എന്നിവ ഉപയോഗിച്ച് അഭിനയം വായനയുടെ അവതരണം നടത്തുന്നു. | | | |

**പ്രവർത്തനം : 16**

**പേര് : ഭാഷോത്സവം**

**ഉപമേഖല : ഭാഷാ കാഴ്ചവത്ക്കരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയുടെ വിവിധ ആശയവിനിമയ രൂപങ്ങൾ മനസ്സിലാക്കുക ഭാഷാനൈപുണ്യം പ്രകടപ്പിക്കുക | ഭാഷാ പ്രസംഗം, കഥപറയൽ,കവിതാ പാരായണം,കോലജുകൾ,ഭാഷാപോസ്റ്ററുകൾ എന്നിവയുടെ പങ്കാളിത്തത്തിലൂടെ കുട്ടികൾക്ക് ഭാഷാമികവ് പ്രകടിപ്പിക്കാൻ അവസരം. | ജൂൺ മുതൽ മാർച്ചവരെ | സ്കൂൾ ഭാഷാ ക്ലബ് ക്ലാസ്സ് ടീച്ചർ | 4000 |

**പ്രവർത്തനം : 17**

**പേര് : അരങ്ങത്തോക്ക്**

**ഉപമേഖല : അവതരണശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും വേദികളിൽ ആശയവിനിമയമറിയിക്കാൻ സഹായിക്കുക | കുട്ടികൾ പഠിച്ചിട്ടുള്ള സന്ദർഭങ്ങൾ, കഥകൾ,സംവാദങ്ങൾ തുടങ്ങിയവയെ ആസ്പദമാക്കി അവതരണവും പ്രകടനവുമുള്ള ഒരു ക്ലാസ്സ് അരങ്ങ് ഒരുക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ പ്രാദേശിക ക്ലബ്ബ്കൾ | 5000 |